# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

PTMAUP SCHOOL
MULLIAKURSSI

## പി ടി എം എ യു പി സ്കൂൾ   മുള്ള്യാകുർശ്ശി

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : പി ടി എം എ യുപി സ്കൂൾ മുള്ള്യാകുർശ്ശി |
| പ്രധാനാധ്യാപകൻ | : ശരീഫ് വി പി |
| വിലാസം | : പട്ടിക്കാട് പി ഒ മേലാറ്റൂർ പെരിന്തൽമണ്ണ |
| സ്കൂൾ കോഡ് | : 48342 |
| വിദ്യാഭ്യാസ ഉപജില്ല | : മേലാറ്റൂർ |
| വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി ആർ സി | : പെരിന്തൽമണ്ണ |
| സി ആർ സി | : ജിഎച്ച്എസ്എസ് പട്ടിക്കാട് |
| ഗ്രാമപഞ്ചായത്ത് | : കിഴാറ്റൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : പെരിന്തൽമണ്ണ |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : പെരിന്തൽമണ്ണ |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : പെരിന്തൽമണ്ണ |
| വില്ലേജ് | : കീഴാറ്റൂർ |
| ഇ – മെയിൽ | : mulliakurssiup@gmail.com |

# ആമുഖം

വിദ്യാഭ്യാസം എന്നത് സർവ്വതല സ്പർശിയായ ഒരു പ്രക്രിയയാണ്. ഒരു വ്യക്തിയുടെ സമ്പൂർണമായ വികാസമാണ് അതിന്റെ ആത്യന്തികമായ ലക്ഷ്യം. ഒരാളിൽ അന്തർലീനമായ കഴിവും നൈപുണികളും വികസിപ്പിച്ച് ഏത് പരിസ്ഥിതിയിലും ഏത് അവസ്ഥയിലും ജീവിക്കാവുന്ന അതിജീവനശേഷിയുള്ള ഒരു സമ്പൂർണ വ്യക്തിത്വം രൂപപ്പെടുത്തുക എന്നതാണ് കാമ്പുള്ള വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇവിടെയാണ്
സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ പ്രസക്തി. കേവലമായ അറിവുകൾ കുത്തിനിറക്കുന്ന പഴഞ്ചൻ രീതികൾക്ക് ഇവിടെ ഒരു പ്രസക്തിയുമില്ല. മറിച്ച് സർവ്വതോന്മുഖമായ അറിവ് നിർമ്മാണ പ്രക്രിയകൾക്കാണ് ഇവിടെ ഊന്നൽ. ഈ ദൗത്യം വിജയിക്കണമെങ്കിൽ
അധ്യാപകർ,വിദ്യാർഥികൾ,രക്ഷിതാക്കൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം മാറിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് നവീകരിക്കപ്പെടേണ്ടതായുണ്ട്.

കേരളത്തിലെമുഴവൻ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെയും മികവിന്റെകേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.ഭരണകർത്താക്കളും പൊതു സമൂഹവും അധ്യാപകരും സ് കൂ ൾ സമൂഹവും ഒന്നിച്ച്ചേർന്ന്  ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി സ് കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. മികവ് എന്നാൽ അക്കാദമിക മികവാണ്. കേരളീയ സമൂഹം പൊതു വിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യബോധവും അതിനുസരിച്ച ജനാധിപത്യമൂല്യങ്ങളുംഅത് നിലനിർത്തുക എന്നത് നാളെയുടെ ആവശ്യവുമാണ്.ജനപങ്കാളിത്തത്തോടെ ഈ വർഷം സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം വെച്ചുകൊണ്ട് മുന്നോട്ടുപോകുന്നു.
പൊതു വിദ്യാലയം പൊതു ഇടമാണ്. ഇത് നിലനിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. പൊതുവിദ്യാലയത്തിന്റെ ഉടമകൾ പ്രാദേശിക സമൂഹമാണ്. അത്കൊണ്ട്തന്നെ ഇത് നിലനിർത്തേണ്ടതിന്റെ ഉത്തരവാദിത്വം

പ്രാദേശികസമൂഹത്തിനുണ്ട്. മതനിരപേക്ഷ ജനാധിപത്യമൂല്യബോധം അനുഭവങ്ങളിലൂടെ ഉളവാകാൻ ഏറ്റവും അനുയോജ്യമായ പൊതുവിദ്യാലയങ്ങൾ നിലനിൽക്കേണ്ടത് നമ്മുടെ എല്ലാം പൊതു
ആവശ്യമാ ണ്. സ്വതന്ത്രമായി ചിന്തിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും ഭയരഹിതവും അന്വേഷണാത്മകവുമായ പഠന പരിസരവും നിലപാടുകളും ആവശ്യമാണ്.

ഐക്യരാഷ്ട്രസഭയടക്കം ലോകസമൂഹം അംഗീകരിച്ച മനുഷ്യാവകാശങ്ങളും ബാലാവകാശങ്ങളും പാലിക്കപ്പെടുന്ന ഇടങ്ങളായും കരിക്കുലം ആവശ്യപ്പെടുന്ന പ്രവൃത്തിദിനങ്ങൾ ലഭ്യമാവുന്ന വിധവും പഠനത്തോടൊപ്പം തൊഴിൽ നൈപുണി (skill) വികാസവും സാധ്യമാവുന്നതുമാണ് ഇന്നത്തെ പൊതുവിദ്യാലയങ്ങൾ. വോട്ടാവകാശം    ലഭി ക്കുന്ന പ്രായത്തിൽ തന്നെ കുട്ടിക്ക് ജോലി ചെയ്യാനുള്ള കഴിവും ആർജ്ജിക്കണമെ ന്നാണ് നാം ലക്ഷ്യമിടുന്നത്. കുട്ടികളുടെ നൈസർഗീക കഴിവുകൾ പ്രോത്സാഹിപ്പി ക്കാനും ആസ്വാദന ശേഷി ഉണർത്താനും പഠനപരിസരത്തിന് കഴിയണം. ഇതിനുള്ള അന്വേഷണമാണ്, ടാലൻ്റ് ലാബിലൂടെയും **Inspire to Aspire programmes ( IAP )** വിദ്യാരംഗം കലാസാംസ്കാരിക പാർക്ക് എന്നതിലൂടെയും ലക്ഷ്യമിടുന്നത്.ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു.വർഷാരംഭത്തിൽ തന്നെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്തി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ ചിട്ടയായും വ്യവസ്ഥാപിതമായും കുട്ടികളിൽ Minimum Level of Learning , ഉറപ്പുവരുത്തുക എന്നതും ഈ വർഷത്തെ ഒരു അക്കാഡമിക് പ്രൊജക്റ്റായി ഏറ്റെടുത്തിരിക്കുന്നു .
കുട്ടിക്ക് ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ലഭ്യമാക്കാൻ സഹായകമായ ഭൗതിക സൗകര്യങ്ങളും ഉണ്ടാകണം. അതുകൊണ്ടാണ് ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന നിലയിൽ പരിഗണിച്ച് ജൈവവൈവിധ്യ ഉദ്യാനങ്ങൾ, സ്റ്റുഡൻസ് ഫ്രണ്ട്ലി ക്യാമ്പസ് എന്ന ആശയങ്ങൾ മുന്നോട്ടുവെയ്ക്കുന്നത്.
കുട്ടിയാണ് കേന്ദ്രസ്ഥനത്ത്. മാനസിക വികാസത്തോടൊപ്പം ശാരീരിക വികാസവുംവളരെ പ്രധാനമാണ്. ചെറുപ്പക്കാലത്ത് തന്നെ ജീവിത ശൈലി രോഗങ്ങൾക്ക് നമ്മുടെ

കുട്ടികളെ വിട്ടുകൊടുത്തുകൂടാ. കുട്ടി കളിക്കുന്നത് പഠനത്തെ ദോഷകരമായി ബാധിക്കുമെന്ന നമ്മുടെ തെറ്റായ ധാരണ തിരുത്തിയേ മതിയാവൂ..

അമിത മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കാനും കുട്ടികളിൽ സൈബർ സെക്യൂരിറ്റി ഉറപ്പുവരുത്താനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു .

കുട്ടികളുടെ ഇടയിൽ മദ്യത്തോടും മയക്കുമരുന്നിനോടും കാണുന്ന അഭിവാഞ്ചയും അതിനായി ബാഹ്യശക്തികൾ ചെലുത്തുന്ന സമ്മർദ്ധങ്ങളും തടയേണ്ടതുണ്ട്. ഇതിന് രക്ഷിതാക്കളുടെയും സമൂഹത്തി ന്റെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്.സ്നേഹവും പരിഗണനയും സ്വയം പ്രകാശനത്തിനുള്ള അവസരങ്ങളും അംഗീ കാരാവുംഎല്ലാ കുട്ടികൾക്കും ലഭിക്കുന്ന ഇടമായി പൊതുവിദ്യാലയങ്ങൾ നില നിൽക്കട്ടെ.ഇത്തരം പൊതു അന്തരീക്ഷത്തിൽ മാത്രമേ കുട്ടിക്ക് ഏറ്റവും മികച്ച രീതി യിൽഅറിവിന്റെ നിർമ്മിതി നടത്താൻ കഴിയൂ. ഇതിനായി കൂട്ടായി പ്രവർത്തിക്കേണ്ട ഘട്ടം ആണിത്.

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടതും വളർന്നതും ജന കീയമായകൂട്ടായ്മയോടും പങ്കാളിത്തത്തോടും കൂടിയാണ്. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കെല്ലാം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ മൂല്യ ബോധം നമ്മുടെ കുട്ടികളിലും ഉളവാക്കാൻ സഹായകമായ പഠനാന്തരീക്ഷം നാം ഉറപ്പു വരുത്തേണ്ടതുണ്ട്. നേടിയഅറിവിനെ ജീവിതവുമായി ബന്ധിപ്പിക്കാനും ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുത്താനുമുള്ള കഴിവും ശേഷിയും വികസിപ്പിക്കുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം എന്നത് ഓരോ രക്ഷിതാവിന്റെയും ആഗ്രഹവും ആവശ്യവുമാണ്. ഈ ആഗ്രഹം ന്യായവും യുക്തിഭദ്രവുമാണ്. ഇതിനുള്ള മാർഗങ്ങൾ ശാസ്ത്രീയവും കുട്ടികളുടെ പൊതുപ്രകൃതം പരിഗണിച്ചും, ലോകം ശരിയെന്ന് അംഗീകരിച്ച വിദ്യാഭ്യാസ തത്വങ്ങക്ക്അനുസൃതവുമാകണം. എന്താണ് വിദ്യാഭ്യാസമെന്നും എന്തിനാണ് വിദ്യാഭ്യാസമെന്നും കൃത്യമായതും ശാസ്ത്രീയമായതുമായ ധാരണ ഉണ്ടാകണം.

കുട്ടിയെ അംഗീകരിക്കുന്നതും വിശ്വാസത്തിലെടുക്കുന്ന വിധത്തിലുമാകണം വിദ്യാഭ്യാസം. കുട്ടിയുടെ പ്രകൃതം, പ്രായം, താത്പര്യം, കാഴ്ച്ചപ്പാട് എന്നിവയെ മാനിക്കുന്ന വിധമാകണം വിദ്യാഭ്യാസം. ചുറ്റുപാടുകളെ കണ്ടും കേട്ടും അറിഞ്ഞും അറിവു നിർമ്മിക്കാനുതകുന്ന അനുഭവങ്ങൾ ഉണ്ടാകുന്ന തരത്തിലാകണം വിദ്യാഭ്യാസം. കുട്ടികളുടെ എല്ലാ കഴിവുകളെയും കണ്ടെത്താനും വികസിപ്പിക്കാനും കഴിയുന്ന തരത്തിലുള്ളതും കുട്ടികളിൽ ജനാധിപത്യ മതേതരത്വ കാഴ്ചപ്പാട്, പരിസ്ഥിതിഅവബോധം ലിംഗ നീതി എന്നിവയെല്ലാം ഉളവാകാൻ അനുസൃതമാവും വിധത്തിലുമായിരിക്കണം വിദ്യാ ഭ്യാസം. സ്നേഹം അനുതാപം (Empathy) സഹകരണം, സഹവർത്തിത്വം തുടങ്ങിയ മൂല്യങ്ങളെല്ലാം വളരാൻ സഹായിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസമാണ് നമ്മുടെ നാടിന്നാ വശ്യം.

45 ലക്ഷത്തിലധികം കുട്ടികളും രണ്ട് ലക്ഷത്തിലധികം അധ്യാപകരുമുള്ള അതി ബൃഹത്തായ സംവിധാനമാണ് ഹയർസെക്കണ്ടറി ഉൾപ്പെടെയുള്ള നമ്മുടെ പൊതുവിദ്യാ ഭ്യാസ രംഗം. സാർവത്രിക പന്ത്രണ്ടാം ക്ലാസ് വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിൻ്റെ പടിവാതിലി ലാണ് കേരളീയ സമൂഹം. എങ്കിലും നാമിനിയും മുന്നേറണം. തുല്യതയും, (equality) ഗുണതയും (quality) ഉറപ്പാക്കുന്ന ഓരോ പ്രായഘട്ടത്തിലും കുട്ടി നേടണമെന്ന് കരി കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടിയെന്ന് ഉറപ്പുവരുത്തണം. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പരമാവധി പ്രയോജനപ്പെടു ത്തൽ, പുത്തൻ കടമാ ബോധം സ്വാംശീകരിക്കൽ, ഭിന്നശേഷിക്കാർക്കും, പ്രതിഭകൾക്കും ഉതകുന്ന സവിശേഷതകൾ ഉൾചേർന്ന പഠനാനുഭവം സൃഷ്ടിക്കൽ തുടങ്ങിയ വയെല്ലാം നമ്മുടെ സവിശേഷ ശ്രദ്ധ പതിയേണ്ട മേഖലകൾ തന്നെ.
മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ചിട്ടയാർന്നതും സമയക്രമം നിശ്ചയിച്ചിട്ടുള്ള ഒരു ശാസ്ത്രീയ സമീപനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം 'വിഷൻ 100 അക്കാദമിക മാർഗ്ഗ രേഖ' കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഇതിനായി നാം മൂന്ന് മേഖലകൾ നിശ്ചയിച്ചിരിക്കുന്നു.

**a) ഭൗതിക വികസനാസൂത്രണം**
**b) സാമൂഹ്യ പങ്കാളിത്തം**
**c) ഗുണമേന്മാ വിദ്യാഭ്യാസം (അക്കാദമികം)**

സമയക്രമമനുസരിച്ച് നാമിതിനെ

**a) ഹ്രസ്വകാല പ്രവർത്തനങ്ങൾ (2 മുതൽ 7 മാസം കൊണ്ട് പൂർത്തിയാക്കുന്നവ)**
**b) മധ്യകാല പ്രവർത്തനങ്ങൾ (ഒരു വർഷം കൊണ്ട് പൂർത്തിയാക്കുന്നവ)**
**c) ദീർഘകാല പ്രവർത്തനങ്ങൾ (ഒരു വർഷത്തിനുമേൽ സമയം ആവശ്യമായവ)**
എന്നിങ്ങനെ തരം തരിച്ചിരിക്കുന്നു.

മേൽ പറഞ്ഞ സാഹചര്യങ്ങളും ആവശ്യകതകളും മുൻനിർത്തി നമ്മുടെ വിദ്യാലയം പി.ടി.എം.എ.യു.പി സ്കൂൾ മുള്ളാകുർശ്ശി പൊതുജന സമക്ഷം അവതരിപ്പിക്കുന്ന മാർഗ്ഗരേഖയാണിത്. ഇതിൽ ഈ ആമുഖത്തിന് പുറമെ നമ്മുടെ സ്കൂളിൻ്റെ നാൾവഴി കളും പിന്നിട്ട ചരിത്രസന്ധികളും നേട്ടങ്ങളും ഈ പ്രദേശത്തിന് ഈ കലാലയം നൽകിയ മഹത്തായ സംഭാവനകളെ കുറിച്ചുള്ള ചെറുവിവരണവും, ഉൾപ്പെടുത്തിയിട്ടുണ്ട്.
തുടർന്ന് നമ്മൾ മേൽ സൂചിപ്പിച്ച ലക്ഷ്യ സാക്ഷാത്കാരത്തിനായി സ്വീകരിക്കാനുദ്ദേശി ക്കുന്ന കർമ്മ പരിപാടികളും ഒരുക്കാനുദ്ധേശിക്കുന്ന ഭൗതിക സൗകര്യങ്ങളും അതിനു വരുന്ന സാമ്പത്തിക ബാധ്യതകളും സ്രോതസ്സുകളും നിങ്ങൾക്കിതിൽ നിന്നും വായിച്ചറി യാനാവും. കുട്ടികളുടെ അക്കാദമിക മികവിനും മാനസിക - ശാരീരിക - ബൗദ്ധിക വികാസത്തിനുതകുന്നതുമായ നമ്മുടെ മാസ്റ്റർപ്ലാനാണ് ഇതിലെ മുഖ്യമായ മറ്റൊരിനം. മാതൃഭാ ഷ, ഇംഗ്ലീഷ്, ഇതര ഭാഷകൾ, സാമൂഹിക ശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, ഗണിത ശാസ്ത്രം, വായന, ലൈബ്രറി, നൈപുണിവികാസം (skill development), വ്യക്തിത്വ വികാസം, ഉച്ചഭക്ഷണം, ആരോഗ്യം, ശുചിത്വം എന്നിങ്ങനെ ഒൻപത് മേഖലകളിലായി സമ യബന്ധിതമായി നേടിയെടുക്കാനുള്ള പദ്ധതികളും സാമ്പത്തിക സ്രോതസ്സുകളും അനു മാനിക്കുന്ന ചെലവുകളും സവിസ്തരം പ്രതിപാദിക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനാണ് അവസാന ഭാഗത്ത്. ഇത് ഒരു അന്തിമ രേഖയല്ല. നിലവിലുള്ള സാഹചര്യങ്ങളിലും വിഭവ ങ്ങളിലും നിന്നുകൊണ്ടുള്ള നാളേക്കുള്ള ഒരു രൂപരേഖ മാത്രമാണിതെന്ന് സവിനയം അറിയിക്കട്ടെ.. മാറ്റങ്ങളും കൂട്ടി ചേർക്കലുകളും നാൾക്കുനാൾ വേണ്ടിവരുന്ന ഒരു മാർഗ രേഖയായി മാത്രം ഇതിനെ കണ്ടാലും...

## സ്കൂളിന്റെ ചരിത്രം

മർഹൂം പാണക്കാട് പൂക്കോയതങ്ങളുടെ നാമധേയത്തിൽ 1979 ജൂൺ 6 ന് 78 വിദ്യാർത്ഥികളും 5 അധ്യാപകരും ഉൾക്കൊള്ളുന്ന സ്കൂൾ മുള്ള്യാകുർശ്ശി "അൽ മദ്റസ ത്തുൽ ഇസ്ലാമിയ്യയിൽ" ആദ്യ പ്രവർത്തനം തുടങ്ങി. തുടർന്ന് ഇന്ന് സ്കൂൾ സ്ഥിതിചെ യ്യുന്ന സ്ഥലത്ത് 4 ക്ലാസ് മുറികളോട് കൂടിയ പുതിയ കെട്ടിടം പണി പൂർത്തിയായപ്പോൾ മദ്രസയിൽ നിന്ന് സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി. സ്കൂൾ ആരംഭത്തിൽ കെ.വി മരക്കാരുട്ടി ഹാജിയായിരുന്നു മാനേജറായി സേവനമനുഷ്ഠിച്ചത്. കെ.വി മുഹമ്മദ് അമീൻ മാസ്റ്ററായിരുന്നു പ്രഥമ ഹെഡ്മാസ്റ്റർ. അദ്ദേഹത്തിന് ശേഷം പി. തുളസിയമ്മ ടീച്ചർ ഹെഡ്മിസ്ട്രസ്സായി ചാർജെടുത്തു.

നിലവിലെ മാനേജർക്ക് സ്കൂൾ നടത്തിക്കൊണ്ട് പോകാൻ പ്രയാസം അനുഭവപ്പെ ട്ടതിനാൽ വിദ്യാഭ്യാസ സാമൂഹിക രംഗത്തെ പരിഷ്കരണവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരി ക്കുന്ന പെരിന്തൽമണ്ണ ഇസ്ലാമിക് മിഷൻ ട്രസ്റ്റ് (IMT) 1982 ൽ സ്കൂളിൻ്റെ മാനേജ്മെന്റ് ഏറ്റെടുക്കുകയുണ്ടായി വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുന്ന നൂതന പ്രവണത കൾക്കെതിരെ, എല്ലാവർക്കും സംശുദ്ധ വിദ്യാഭ്യാസം എന്നതാണ് ഐ.എം.ടി അംഗീക രിച്ചത്. വിദ്യാഭ്യാസ പ്രവർത്തനം ജനസേവനമായി കാണുന്ന ഐ.എം.ടി പ്രതിസന്ധി കൾക്കിടിയിലും ഈ ആദർശ വിശുദ്ധികാത്ത് സൂക്ഷിക്കുന്നു. അധ്യാപക നിയമനത്തിൽ യോഗ്യതയും കഴിവും മാത്രമാണ് മാനേജ്മെൻ്റ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

തുടക്കത്തിൽ 4 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും മാത്രമായി പരിമിത സൗകര്യങ്ങളോടെ ആരംഭിച്ച വിദ്യാലയം, ഐ.എം.ടി മാനേജ്മെൻ്റിന് കീഴിൽ ഇന്ന് ബഹു നില കെട്ടിങ്ങൾ വിശാലമായ കളിസ്ഥലം, ആൺ, പെൺ ടോയ്ലറ്റുകൾ, സ്മാർട്ട് റൂം, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, വിശാലമായ പാചകപ്പുര, തുടങ്ങി നിരവധി ആധുനിക ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുകയുണ്ടായി. ഈ രംഗത്ത് പി.ടി.എ, പൂർവ്വ വിദ്യാർത്ഥി കൾ, നാട്ടുകാർ എന്നിവരുടെ സഹകരണം എടുത്ത് പറയേണ്ടതാണ്. ഈ മാനേജ്മെന്റിന് കീഴിൽ എം.ടി അബ്ദുറഹ്മാൻ മാസ്റ്റർ, കെ.കെ അബ്ദുന്നാസർ എന്നിവർ ഹെഡ്മാസ്റ്റർമാരായിസേവനമനുഷ്ഠിച്ചു.

# ഭൗതികം

## 1. സ്കൂൾ കെട്ടിടം

20 ക്ലാസ് മുറികൾ, ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, കമ്പ്യൂട്ടർ ലാബ്, ഓഡിറ്റോറിയം, ലൈബ്രറി എന്നിവയടങ്ങിയ നിലവിലുള്ള സ്കൂളിന്റെ ബഹുനില കെട്ടിടങ്ങൾ കാലാകാ ലങ്ങളിൽ മെയിന്റനൻസ് വർക്കുകൾ നടത്തി നവീകരിച്ച് നിലനിർത്തിക്കൊണ്ടുപോകു ന്നതാണ്.
ആവശ്യാനുസരണം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. (ദീർഘകാലം)

സാമ്പത്തികം: ഗവൺമെൻ്റ്,എം.പി, എം.എൽ.എ, ത്രിതല പഞ്ചായത്ത്, പി.ടി.എ, മാനേജ്മെന്റ്

## 2 .ഭക്ഷണം

നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ഉച്ചഭക്ഷണം, പാൽ, കോഴിമുട്ട എന്നിവയുടെ വിതരണം, ഒന്നു കൂടി കാര്യക്ഷമമായും വൃത്തിയായും നടപ്പാക്കുന്നതാണ്.
പ്രഭാത ഭക്ഷണം കൂടി 2018 ജൂൺ മുതൽ നടപ്പാക്കുന്നതാണ്. (ഹ്രസ്വകാല പദ്ധതി)
സാമ്പത്തികം : സർക്കാർ, പി.ടി.എ

## 3. കുടിവെള്ളം

സ്കൂളിൽ ഉപയോഗിക്കുന്ന കുടി വെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കും, അംഗീകൃത ലാബുകളിൽ പരിശോധന നടത്തും, വാട്ടർ പ്യൂരിഫൈഡ് സംവിധാനം മെച്ചപ്പെട്ടത്...
സാമ്പത്തികം: പി.ടി.എ,പഞ്ചായത്ത്, എം.എൽ.എ, എം.പി.

## 4. കൈ കഴുകുന്ന സ്ഥലം

a) ടൈൽസ് വിരിച്ചതും വൃത്തിയുള്ളതുമായ കൈ കഴുകുന്ന സ്ഥലം നിരന്തരം നിരീക്ഷിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യും.
b) 10 ടാപ്പുകളോടുകൂടി പുതിയ സ്റ്റീൽ വാഷ്ബേസ് ഒരുക്കും (ഹ്രസ്വകാലം)
സാമ്പത്തികം: മാനേജർ, പി.ടി.എ, അധ്യാപകർ

## 5. ഡൈനിംഗ് ഹാൾ

ഭക്ഷണം വിതരണത്തിന് വൃത്തിയുള്ള ഡൈനിംഗ് ഹാൾ ഒരുക്കും (ദീർഘകാലം)
സാമ്പത്തികം: ത്രിതലപഞ്ചായത്ത്, എം.എൽ.എ, എം.പി. പി.ടി.എ

## 6. മൂത്രപ്പുര

കുട്ടികളുടെ എണ്ണമനുസരിച്ച് ടൈൽസ് ഇട്ടതും വൃത്തിയുള്ളതുമായ മൂത്രപ്പുര ഒരുക്കും. പെൺകുട്ടികൾക്ക് രണ്ട് ഷീ ടോയ്‌ലറ്റുകൾ ഒരുക്കും ((ഹ്രസ്വകാലം)
സാമ്പത്തികം: കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

## 7. ക്ലാസ് റൂം

നിലവിലുള്ള 20 ക്ലാസ് മുറികളും ടൈൽസ് വിരിച്ച് സ്മാർട്ട് റൂമുകളാക്കാൻ തുടക്കം കുറിക്കും(മധ്യകാലം)
7 ക്ലാസ് മുറികൾ ഹ്രസ്വകാലടിസ്ഥാനത്തിൽ സ്മാർട്ട് റൂമുകളാക്കും
സാമ്പത്തികം: സർക്കാർ, എം.പി, എം.എൽ.എ, ത്രിതല പഞ്ചായത്ത്,
മാനേജ്മെന്റ് പി. ടി.എ പൂർവ്വ വിദ്യാർത്ഥികൾ

## 8. വൈദ്യുതി

സ്കൂളിലെ ത്രീഫേസ് വൈദ്യുത സംവിധാനം എല്ലാ ക്ലാസ്മുറികളിലും ഉറപ്പാക്കും. (ഹ്രസ്വകാലം)
സ്കൂളിലെ 20 ക്ലാസ് മുറികളിലും ഫാൻ വർക്ക് ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കും.

## 9. ലൈബ്രറി

3400 പുസ്തകങ്ങളടങ്ങിയ സ്കൂൾ ലൈബ്രറി ഡിജിറ്റൽ സംവിധാനത്തോടെ സെൻട്രൽ ലൈസ്ഡ് ആക്കി മാറ്റും (കാലയളവ് മധ്യകാലം)

## 10. കമ്പ്യൂട്ടർ ലാബ്

നിലവിലുള്ള കമ്പ്യൂട്ടർ ലാബ്, സെൻട്രലൈസ്ഡ് ആക്കും (ഹ്രസ്വകാലം)
സാമ്പത്തികം: പി.ടി.എ

## 11. സ്കൂൾ ലബോറട്ടറി

ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ് ലാബുകൾ നവീകരിക്കും (ഹ്രസ്വകാലം)

## 12. സെൻട്രലൈസ്ഡ് സ്മാർട് റൂം

നിലവിലുള്ള സെൻട്രലൈസ്ഡ് സ്മാർട്ട് റൂം കാര്യക്ഷമമാക്കും (Projector, Sound system, Screen) എന്നിവ സംരക്ഷിച്ച് നിലനിർത്തും.

## 13. ബയോ ഡൈവേർസിറ്റി പാർക്ക് (ജൈവ വൈവിദ്യ ഉദ്യാനം)

ബയോഡൈവേർസിറ്റി പാർക്കിന് സ്ഥലം ഒരുക്കി തുടക്കംകുറിക്കും (ഹ്രസ്വകാലം) സാമ്പത്തികം: സർക്കാർ, പി.ടി.എ, എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത്, പി.ടി.എ

## 14. സ്കൂൾ ഗ്രൗണ്ട്

പൊടി ശല്യം ഒഴിവാക്കി നിലവി ലുള്ള സ്കൂൾ ഗ്രൗണ്ട് നവീകരിക്കും (ദീർഘകാലം)
സാമ്പത്തികം: പ്രദേശത്തെ സ്പോർട്സ്ക്ലബ്ബുകൾ

## 15. പ്രവേശന കവാടം

സ്കൂളിന് മനോഹരവും ആധുനികവുമായ പ്രവേശന കവാടം ഒരുക്കും (മധ്യകാലം)
സാമ്പത്തികം: സ്കൂൾ മാനേജ്മെൻ്റ്, പി.ടി.എ

## 16. സമ്പൂർണ്ണ സോളാർ വൈദ്യുതീകരണം

സ്കൂൾ മുഴുവനായി സോളാർ വൈദ്യുത സംവിധാനത്തിലേക്ക് മാറ്റും (ദീർഘകാലം)

സാമ്പത്തികം: സർക്കാർ, എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത്)

## 17. ക്ലീൻ ക്യാമ്പസ്

a) ക്യാമ്പസ് പരിപൂർണ്ണമായും ലഹരി മുക്തമാക്കും

b) ക്യാമ്പസ് പരിപൂർണ്ണമായും പ്ലാസ്റ്റിക് മുക്തമാക്കും, ക്യാമ്പസിൽ ഗ്രീപ്രോട്ടോ കോൾ നടപ്പിലാക്കും (ഹ്രസ്വകാലം)

## 18. സ്റ്റേജ്

ക്യാമ്പസിനകത്ത് പൊതുസ്റ്റേജ് ഒരുക്കും (മാധ്യകാലം)
സാമ്പത്തികം : പി.ടി.എ, മാനേജർ, സ്റ്റാഫ്, സർക്കാർ, ത്രിതല പഞ്ചായത്ത്
ഓഡിറ്റോറിയത്തിൽ മിനിസ്റ്റേജ് നിർമ്മിക്കും കാലയളവ് (ഹ്രസ്വകാലം)

## 19. വാഹനം

നിലവിലുള്ള വാഹന സൗകര്യം കാര്യക്ഷമമാക്കും

## 20. കൃഷി

സ്കൂളിന് വേണ്ട പച്ചക്കറി സ്വയം ഉദ്പാദിപ്പിക്കാൻ പര്യാപ്തമായ രീതിയിൽ കൃഷി തോട്ടം സജ്ജീകരിക്കും (മധ്യകാലം)

## 21. നീന്തൽ

നീന്തൽ അറിയാത്ത കുട്ടികൾക്ക് പരിശീലനത്തിന് സൗകര്യമൊരുക്കും

## 22. ഓഫീസ്

ഓഫീസിൽ നിന്ന് രക്ഷിതാവിന് കിട്ടേണ്ട സൗകര്യങ്ങൾ കാലവിളംബം കൂടാതെ നിവർത്തിച്ച് കൊടുക്കും.

## 23. ക്ലാസ് ലൈബ്രറി

ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാൻ 7000 രൂപ ചെലവ് വരുന്ന കോൺക്രീറ്റ് അലമാരകൾ സ്ഥാപിക്കും, (ഹ്രസ്വകാലം)
സാമ്പത്തികം: ടീച്ചേർസ്, പി.ടി.എ, മാനേജർ, പഞ്ചായത്ത്

## 24. ക്ലാസ് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ

ഓരോ ക്ലാസിലേക്കും വിഷയാധിഷ്ടിതമായ പുസ്തകങ്ങളുടെ ലിസ്റ്റ് അധ്യാപകർ തയ്യാറാക്കും.

## 25. ക്ലാസ് തല മിനി ലാബ്

സോഷ്യൽ സയൻസ്, ബി.എസ്, മാത്ത്സ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക് എന്നീ വിഷയാധിഷ്ഠിത ലാബ് ഒരുക്കും

## 26. കോമ്പൗണ്ട് വാൾ

സ്കൂൾ കോമ്പൗണ്ടിന് സുരക്ഷിതവും ആകർഷകവുമായ ചുറ്റുമതിൽ പൂർത്തിയാക്കും (ദീർഘകാലം)

സാമ്പത്തികം ത്രിതല പഞ്ചായത്ത്, പി.ടി.എ, മാനേജർ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ

## 27. സി.സി.ടി.വി

സ്കൂൾ കോമ്പൗണ്ട് മുഴുവൻ കവർചെയ്യുന്ന രീതിയിലുള്ള സി.സി.ടി.വി സംവിധാനമൊരുക്കും. (മധ്യകാലം)

സാമ്പത്തികം പി.ടി.എ, മാനേജർ, പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ

## 28. ABS സിസ്റ്റം

സമയാസമയങ്ങളിലെ അറിയിപ്പ്,ഇടവേളകൾ വ്യത്യസ്ത പീരിയഡുകളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ വളരെ കൃത്യതയോടെ കുട്ടിയിൽ എത്തിക്കാനായി ഓട്ടോമാറ്റിക് ബെൽ & സൗണ്ട് സിസ്റ്റം എബിഎസ് സിസ്റ്റം സ്കൂളിൽ നടപ്പിലാക്കി.

# 29 . സോഷ്യോ ജി ലാബ്

ശാസ്ത്ര വിഷയങ്ങൾക്ക് ലബോറട്ടറികൾ ഉള്ളതുപോലെ, സാമൂഹിക വിഷയങ്ങൾക്കും പ്രായോഗിക പഠനത്തിനുള്ള ഇടങ്ങൾ ഒരുക്കുന്നതാണ് സ്കൂളിലെ സോഷ്യോ ജി ലാബ് . ചരിത്രശേഷിപ്പുകൾ, വിവിധ മാതൃകകൾ, പ്രവർത്തന മോഡലുകൾ, തുടങ്ങിയവയുടെ വലിയ ഒരു ശേഖരം തന്നെ സോഷ്യോ ജി ലാബിൽ ഒഴുക്കിയിട്ടുണ്ട്. സബ് ജില്ലയിലെ ഏക സോഷ്യോ ജി ലാബ് ഉള്ള സ്കൂൾ എന്നതും ഞങ്ങളുടെ അഭിമാനമാണ്.

സ്കൂളുകളിലെ സോഷ്യോ ജി ലാബുകൾ, സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ രസകരവും പ്രായോഗികവും അനുഭവസമ്പന്നവുമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. കേവലം പുസ്തകങ്ങളിൽ ഒതുങ്ങാതെ, വിദ്യാർത്ഥികളെ സമൂഹത്തെയും അതിന്റെ പ്രവർത്തനങ്ങളെയും കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഇവയുടെ പ്രാധാന്യം. ഇതുവഴി, ഉത്തരവാദിത്തമുള്ള പൗരബോധം, പ്രശ്നപരിഹാര ശേഷി, വിമർശനാത്മക ചിന്ത, ഗവേഷണ താൽപ്പര്യം എന്നിവ വിദ്യാർത്ഥികളിൽ വളർത്താൻ സഹായിക്കുന്നു. ഭാവിയിൽ സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടാനും നല്ല തീരുമാനങ്ങൾ എടുക്കാനും ആവശ്യമായ നേതൃത്വഗുണങ്ങളും സാമൂഹിക അവബോധവും നൽകുന്നതിൽ ഈ ലാബുകൾക്ക് നിർണായക പങ്കുണ്ട്.

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി പി ടി എം എഫ്. എം. അവതരണ മികവ് | **പി ടി എം എഫ്. എം**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

**അറബി ഭാഷാ പഠനം**

# അക്കാദമിക് മാസ്റ്റർപ്ലാൻ

**2025-2026**

# (ARABIC)

**PTMAUPS MULLIAKURSSI**

**ആമുഖം:**

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം, അറബിഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

**വിഷൻ (Vision):**

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം

മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന,എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക

**മിഷൻ (Mission):**

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives):

1. **ശബ്ദജ്ഞാനം (Phonetics):** അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.

2. **പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. **സംഭാഷണ ശേഷി (Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

4. **വായനാശേഷി (Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.

5. **എഴുത്തുശേഷി (Writing Skills):** അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.

6. **വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ (Basic Grammar):** അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

7. സാംസ്കാരിക അവബോധം (Cultural Awareness): അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives)

### ക്ലാസ് 5:

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.
- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

### ക്ലാസ് 6:

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

## ക്ലാസ് 7:

● കൂടുതൽ സങ്കീർണ മായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.

● പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.

● വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.

● അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.

● ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.

● അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക

## പഠനരീതികൾ (Pedagogical Approaches):

### 1. സംവേദനാത്മക പഠനം (Interactive Learning):

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

### 2. കളിയിലൂടെ പഠനം (Play-way Method):

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

### 3. ദൃശ്യ-ശ്രാവ്യ പഠനം(Audio-Visual Aids):

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

### 4. കഥപറച്ചിൽ (Storytelling):

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

**5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ (Group Activities):** വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

**6. സാങ്കേതിക വിദ്യയുടെ ഉപയോഗം (Technology Integration):**
അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

**7. ആശയവിനിമയത്തിലൂന്നിയ പഠനം (Communicative Approach):**
ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

**8. പദ്ധതി അധിഷ്ഠിത പഠനം (Project-Based Learning):**
അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക (ഉദാഹരണത്തിന്, അറബിപദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

## മൂല്യനിർണയം (Assessment):

- **തുടർച്ചയായമൂല്യനിർണയം(ContinuousAssessment):** ക്ലാസ്റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായവിലയിരുത്തൽ.

- **ഫോർമേറ്റീവ് മൂല്യനിർണയം (Formative Assessment):** ക്വിസുകൾ, ചെറിയടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.

- **സമ്മേറ്റീവ്മൂല്യനിർണയം(SummativeAssessment):** വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

● നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത്എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## അധ്യാപക പരിശീലനം (Teacher Training):

● അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.

● സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.

● ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

## പഠനസാമഗ്രികൾ (Learning Materials):

● പാഠപുസ്തകങ്ങൾ

● ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)

● ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)

● അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)

● നിഘണ്ടുക്കൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)

● കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

## പ്രവർത്തന കലണ്ടർ (Activity Calendar) :

● ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.

● മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.

● അധ്യായന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/ പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions):

❖ വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപര്യക്കുറവ്.

➢പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗികഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.

❖ വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

➢ പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക,ധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

❖ വെല്ലുവിളി: അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ

➢ പരിഹാരം: നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

❖ വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

➢ പരിഹാരം:സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

**School:**.......................................................................................................................................

**Name of the Urdu Teacher:**...........................................................

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ..............................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠോ ആഗെ ബഢോ** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# PTMAUP School Mulliakurssi

**UP Hindi**

Academic Master Plan 2025 – 26

| ലക്ഷ്യങ്ങൾ | പ്രവർത്തങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| ❖ 5,6,7 - അക്ഷര ബോധം ഉറപ്പിക്കൽ | ➢ ഭാഷാ ഗെയിമുകൾ<br>➢ അക്ഷരമാല അടങ്ങിയ ചാർട്ട് | ജൂൺ | |
| ❖ ഉച്ചാരണം പരിചയപ്പെടുത്തൽ | ➢ ഓഡിയോ /വിഷ്വൽ സംവിധാനത്തിലൂടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു . | ജൂൺ- ജൂലായ് | |
| ❖ ഹിന്ദി ക്ലബ് | ➢ ഹിന്ദി ക്ലബ് രൂപീകരണം<br>➢ ക്ലബ് പ്രവർത്തനങ്ങൾ ആസൂത്രണം<br>➢ ക്യാമ്പസ് ഹിന്ദി വത്കരണം | ജൂൺ- ആഗസ്റ്റ് | |
| ❖ പ്രേംചന്ദ് ജയന്തി | ➢ പോസ്റ്റർ നിർമാണം<br>➢ ഹിന്ദി ചുമർ പത്രം | ജൂലായ് | |
| ❖ സുരീലീ വാണി | ➢ സ്കൂൾ വാർത്തകൾ ഉൾക്കൊള്ളിച്ച് സുരീലീ വാണി ആഴ്ചയിൽ ഒരു ദിവസം സംപ്രേഷണം ചെയ്യൽ | ജൂലായ് - ഫെബ്രുവരി | |
| ❖ ഹിന്ദി അസംബ്ലി | ➢ മാസത്തിൽ ഒരു ഹിന്ദി അസംബ്ലി യെങ്കിലും നടത്തും | ജൂൺ - ഫെബ്രുവരി | |
| ❖ സചിത്ര ഹിന്ദി നിഘണ്ടു | ➢ അഞ്ചാം ക്ലാസ് വിദ്യാർഥികൾ പാഠ- പുസ്തകത്തെ അടിസ്ഥാനനമാക്കി സചിത്ര ഹിന്ദി നിഘണ്ടു നിർമ്മിക്കും | ഫെബ്രുവരി | |

## *പൊതുവായ ലക്ഷ്യങ്ങൾ :-*

- ✓ ഹിന്ദി ആശയവിനിമയ പാടവം വർദ്ധിപ്പിക്കാൻ ഉതകുന്ന പരിപാടികൾ/ഗെയിമുകൾ നടത്തും.
- ✓ ഒരു ഡിജിറ്റൽ മാഗസിൻ നിർമിക്കും.
- ✓ ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർധിപ്പിക്കും.
- ✓ ഹിന്ദി ദിനാചരണങ്ങൾ ( പ്രേംചന്ദ് ജയന്തി, ദേശീയ ഹിന്ദി ദിനം, അന്താരാഷ്ട്രീയ ഹിന്ദി ദിനം ...) വിപുലമായി ആചരിക്കും.
- ✓ പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കും.
- ✓ പാഠഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ Audio/Video തയ്യാറാക്കും .

PTMAUPS Mulliakurssi

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| മേഖല യു.പി. ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# PTMAUP SCHOOL MULLIAKURSSI

| ACADEMIC MASTER PLAN – BASIC SCIENCE – PTMAUPS MULLIAKURSSI 2025-26 | | | | | |
|---|---|---|---|---|---|
| No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ | പരിസ്ഥിതി ദിനം: മുമ്പ് നട്ട മരങ്ങളുടെ ജന്മദിനാഘോഷം | ജൂൺ | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 2 | ആഹാരത്തിൽ പോഷകഘടകങ്ങൾ ഉൾപ്പെടുത്തുന്നതിന്റെ പ്രാധാന്യം തിരിച്ചറിയൽ , ആരോഗ്യസംരക്ഷണം ജീവിതത്തിൽ പ്രാവർത്തികമാക്കൽ | ഭക്ഷ്യമേള | ജൂൺ | ആറാം ക്ലാസ് സയൻസ് അധ്യാപകർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 3 | കൃഷിയുടെ പ്രാധാന്യം തിരിച്ചറിയൽ വിവിധ പ്രജനന രീതികളെ പരിചയപ്പെടൽ, പ്രാവർത്തികമാക്കൽ | ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് ഫീൽഡ് ട്രിപ്പ് | ജൂലൈ | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 4 | ആവാസവ്യവസ്ഥയുടെ പ്രാധാന്യം മനസ്സിലാക്കൽ , ജൈവിക അജൈവിക ഘടകങ്ങളെ തിരിച്ചറിയൽ | സ്കൂൾ ജൈവോദ്യാന നിർമ്മാണം | ജൂലൈ | അഞ്ചാം ക്ലാസ് സയൻസ് അധ്യാപകർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 5 | കൃഷിയുടെ പ്രാധാന്യം ഉൾക്കൊള്ളൽ പരിമിതികൾക്കനുസരിച്ചുള്ള കൃഷി പരിശീലിക്കൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | ലംബ കൃഷി പരിശീലനം | അക്കാദമിക വർഷം | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 6 | ആൽക്കലിയുടെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കൽ നിത്യജീവിതത്തിലെ ആൽക്കലികളെ തിരിച്ചറിയൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | സോപ്പ് നിർമ്മാണ ശില്പശാല | ആഗസ്റ്റ് | ഏഴാം ക്ലാസ് സയൻസ് അധ്യാപകർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 7 | മനുഷ്യന്റെ ബഹിരാകാശഗവേഷണ ചരിത്രങ്ങൾ സ്മരിക്കൽ ചാന്ദ്രപര്യവേഷണ പരിപാടികളെ പരിചയപ്പെടൽ ശാസ്ത്ര പഠനം അസ്വാദ്യകരമാക്കൽ | ചാന്ദ്ര ദിനാചരണം : ISRO നിർദേശങ്ങളാക്കുസരിച്ചുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ റോക്കറ്റ് നിർമ്മാണം - വിക്ഷേപണം ഫാൻസി ഡ്രസ് | ജൂലൈ | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 8 | നിത്യജീവിതത്തിൽ വൈദ്യുതിയുടെ പ്രാധാന്യം മനസ്സിലാക്കൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ സുരക്ഷിതമായി വൈദ്യുതോപകരണങ്ങൾ കൈകാര്യം ചെയ്യൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | ബി. എൽ ഇ ഡി ബൾബ് നിർമ്മാണ ശില്പശാല | അക്കാദമിക വർഷം | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |
| 9 | നിത്യജീവിതത്തിൽ വൈദ്യുതിയുടെ പ്രാധാന്യം മനസ്സിലാക്കൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ സുരക്ഷിതമായി വൈദ്യുതോപകരണങ്ങൾ കൈകാര്യം ചെയ്യൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | ഇലക്ട്രിക് സർക്യൂട്ട് - വർക്ക് ഷോപ്പ് | അക്കാദമിക വർഷം | സയൻസ് ക്ലബ് കൺവീനർ | പിടിഎ മാനേജ്മെന്റ് സയൻസ് ക്ലബ് |